നമ്പർ. ബി1/ഇ-46713/2017/റ്റി സി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയതി. 26/03/2018.

## സർക്കുലർ നമ്പർ 07/2018

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** - 2018 - 2019-ലെ ഫിനാൻസ് ബിൽ - നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 2018 -2019-ലെ ഫിനാൻസ് ബിൽ.

സൂചന പ്രകാരമുള്ള ധനകാര്യബില്ലിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. 01/04/2018 മുതൽ, ടി ഫിനാൻസ് ബിൽ പ്രകാരമുള്ള നിരക്കിൽ മാത്രമേ നികുതി സ്വീകരിക്കാൻ പാടുള്ളൂ. പ്രസ്തുത ബിൽ പ്രകാരം നികുതി സ്വീകരിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1) അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ട്രാൻസ്പോർട്ട് വാഹനങ്ങൾ, നികുതി അടയ്ക്കാതെ സംസ്ഥാനത്തിനകത്ത് സർവ്വീസ് നടത്തി പിടിക്കപ്പെട്ടാൽ പ്രസ്തുത വാഹനങ്ങളിൽ നിന്ന് നിയമപ്രകാരം അവർ അടയ്ക്കേണ്ടിയിരുന്ന നികുതിയുടെ ഇരട്ടി തുക, നികുതിയായി ഈടാക്കേണ്ടതാണ്.

2) പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് ആട്ടോറിക്ഷകൾ, പെട്രോൾ, ഡീസൽ ഒഴികെയുള്ള ഇന്ധനം ഉപയോഗിച്ച് ഓടുന്ന (എൽ.പി.ജി/സി.എൻ.ജി ഉൾപ്പെടെ) മറ്റു ആട്ടോറിക്ഷകൾ എന്നിവയിൽ നിന്ന് അനക്സർ -II പ്രകാരം 5 വർഷത്തേയ്ക്ക് 2,000/-രൂപ എന്ന നിരക്കിൽ ആണ് നികുതി ഈടാക്കേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള പഴയ വാഹനങ്ങളിൽ നിന്ന് ഒരു വർഷത്തേയ്ക്ക് 460/- രൂപ എന്ന നിരക്കിലോ, 5 വർഷത്തേയ്ക്ക് 2,000/- രൂപ നിരക്കിലോ നികുതി ഈടാക്കേണ്ടതാണ്.

3) കേന്ദ്ര സർക്കാരിന്റെ G.S.R.709 (E) നോട്ടിഫിക്കേഷൻ പ്രകാരം ഇ-റിക്ഷയെ "a special purpose battery operated vehicle having three wheeler & permitted to Carry not more than 4 passengers" എന്നാണ് നിർവ്വചിച്ചിരിക്കുന്നത്. ആയതിനാൽ ഈ വാഹനങ്ങൾക്ക് നിലവിൽ മോട്ടോർ കാബുകൾക്കുള്ള നിരക്കിലാണ് നികുതി സ്വീകരിച്ചുവന്നത്. എന്നാൽ ഇത്തരം പുതിയ വാഹനങ്ങളിൽ നിന്ന് 01/04/2018 മുതൽ ഷെഡ്യൂളിലെ പുതുക്കിയ അനക്സർ -II പ്രകാരം, 5 വർഷത്തേയ്ക്ക് ആട്ടോറിക്ഷകൾക്ക് തുല്യമായ നിരക്കിലുള്ള ലംസം ടാക്സാണ് ഈടാക്കേണ്ടത്. എന്നാൽ പഴയ ഇ-റിക്ഷകളിൽ നിന്ന് ഒരു വർഷത്തേയ്ക്ക് 500/- രൂപ എന്ന നിരക്കിലോ, 5 വർഷത്തേയ്ക്ക് 2,000/- രൂപ എന്ന നിരക്കിലോ ആണ് നികുതി ഈടാക്കേണ്ടത്. ഇനി മുതൽ ഇ-റിക്ഷകളിൽ നിന്ന് മോട്ടോർ ക്യാബിന്റെ നിരക്കിൽ നികുതി ഈടാക്കാൻ പാടുള്ളതല്ല.

4) 20000 Kg യ്ക്ക് മുകളിൽ RLW ഉള്ള ടിപ്പർ ലോറികളിൽ നിന്ന്, ഷെഡ്യൂളിലെ പുതുക്കിയ നിരക്ക് പ്രകാരമാണ് നികുതി ഈടാക്കേണ്ടത്.

5) അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്തശേഷം, സംസ്ഥാനത്തിനകത്തേയ്ക്ക് പ്രവേശിച്ച്, ഒരു മാസത്തിൽ കൂടുതൽ സർവ്വീസ് നടത്തുന്ന ഒറ്റത്തവണ നികുതി ബാധകമായിട്ടുള്ള നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളിൽ നിന്ന് പുതുക്കിയ അനക്സർ -III പ്രകാരം ഒറ്റത്തവണ നികുതിയുടെ, പതിനഞ്ചിൽ ഒരു ഭാഗമാണ് നികുതിയായി ഈടാക്കേണ്ടത്. ഒറ്റത്തവണ നികുതി അടയ്ക്കേണ്ടതില്ലാത്ത മറ്റ് നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളിൽനിന്ന്, ഷെഡ്യൂൾ പ്രകാരമുള്ള നിരക്കിൽ ത്രൈമാസ നികുതിയാണ് ഈടാക്കേണ്ടത്. എന്നാൽ ഒറ്റത്തവണ നികുതി ഏർപ്പെടുത്തുന്നതിന് മുമ്പ് രജിസ്റ്റർ ചെയ്യപ്പെട്ട മോട്ടോർ സൈക്കിളുകൾ, മോട്ടോർ കാറുകൾ, പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾ ഫോർ പേഴ്സണൽ യൂസ് , കൺസ്ട്രക്ഷൻ എക്യുപ്മെന്റ് വാഹനങ്ങൾ എന്നിവയ്ക്ക് ഷെഡ്യൂൾ പ്രകാരം പഴയ വാഹനങ്ങൾക്ക് എടുക്കുന്ന നിരക്കിൽ ഒരുവർഷത്തെ നികുതി എടുക്കാവുന്നതാണ്.

(ഒപ്പ്)
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്,

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
3. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
4. എല്ലാ ചെക്ക് പോസ്റ്റ് എം.വി.ഐ മാർക്കും,
5. സി എ ടു റ്റി സി, സി എ ടു ജെ റ്റി സി & സെക്രട്ടറി എസ്.റ്റി.എ,
   സി.എ ടു ജെ.റ്റി.സി എൻഫോഴ്സ്മെന്റ്, സീനിയർ ഡി.റ്റി.സി ടാക്സേഷൻ.
6 സി എ ടു സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
   സി എ ടു സീനിയർ ഫിനാൻസ് ഓഫീസർ., സി എ ടു സീനിയർ ലോ ഓഫീസർ,
   എ.റ്റി.സി., അസിസ്റ്റന്റ് സെക്രട്ടറി എസ്.റ്റി.എ.

പകർപ്പ് : എസ്.എസ്.ജി.സെല്ലിനും,

എസ്.എസ്.ജി നോഡൽ ഓഫീസർക്കും - പുതിയ ഫിനാൻസ് ബിൽ അനുസരിച്ച് വകുപ്പിന്റെ സോഫ്റ്റ് വെയറിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്.

അംഗീകാരത്തോടെ,

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)

മോട്ടോർ വാഹന വകുപ്പ്, കേരള